# Deepika
# 30 July 2018
# Kuttanad; C M C ,Heath Care

# കുട്ടനാടിന്റെ കണ്ണീരൊപ്പി സിഎംസി സന്യാസിനികൾ

**ചങ്ങനാശേരി:** ഭക്ഷണപ്പൊതികളും മരുന്നുകളും സാന്ത്വനവുമായി സിഎംസി സന്യാസിനികളെത്തിയത് വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന കുട്ടനാടൻ ജനതക്ക് ആശ്വാസത്തിന്റെ സ്നേഹപ്രവാഹമായി.

സിഎംസി ആലുവ മൗണ്ട് കാർമൽ ജനറലേറ്റിലെ 13 പ്രോവിൻസിൽ നിന്നുള്ള 180ലേറെ സന്യാസിനികളാണ് തങ്ങളുടെ സഭാസ്ഥാപകനായ വിശുദ്ധ ചാവറയച്ചന്റെ ജന്മനാടായ കൈനകരിയുൾപ്പെടെയുള്ള ദുരിതമേഖലകളിൽ കടന്നുചെന്നത്.

മൂവായിരത്തി അഞ്ഞൂറ് ഭക്ഷണ കിറ്റുകളും ആയിരത്തി അഞ്ഞൂറിലേറെ പേർക്ക് സൗജന്യമരുന്നുകളും സന്യാസിനികൾ നൽകിയപ്പോൾ ജാതിഭേദമെന്യേ ആയിരങ്ങൾക്ക് ആശ്വാസത്തിന്റെ നിമിഷങ്ങളായി. കൈനരി അറുനൂറ്റിൻപാടം, വേഴപ്ര, തകഴി മേഖലകൾ കേന്ദ്രീകരിച്ചാണ് സന്യാസിനികൾ പത്തുമണിക്കൂർ നീണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്.

പരിസ്ഥിതി സൗഹൃദ തുണി സഞ്ചികളിലായി ബ്രഡ്, റെസ്ക്,ബിസ്കറ്റ്, അവൽ, പഞ്ചസാര, കാപ്പിപ്പൊടി, ജാം തുടങ്ങിയ വിഭവങ്ങളാണ് സന്യാസിനികൾ വിതരണം ചെയ്തത്.

മദർ ജനറാൾ സിസ്റ്റർ സിബി സിഎംസി, ചാവറ ഭവൻ ഡയറക്ടർ ഫാ.തോമസ് കല്ലുകളം സിഎംഐ, അസിസ്റ്റന്റ് ഡയറക്ടർ ഫാ.തോമസ് ഇരുമ്പുകുത്തിയിൽ സിഎംഐ അറുനൂറ്റിൻപാടം പള്ളിവികാരി ഫാ.മാർട്ടിൻ കുരിശിങ്കൽ, ചങ്ങനാശേരി ഹോളി ക്വീൻസ് പ്രൊവിൻഷ്യാൾ ഡോ. സിസ്റ്റർ സുമാ റോസ്, കോതമംഗലം പ്രൊവിൻഷ്യാൾ സിസ്റ്റർ നവ്യ, എറണാകുളം പ്രൊവിൻഷ്യാൾ സിസ്റ്റർ ശുഭ, ഇരിഞ്ഞാലക്കുട പ്രൊവിൻഷാൾ സിസ്റ്റർ റോസ്മേരി, മുൻജനറാൾ സിസ്റ്റർ സാങ്റ്റ, ജനറൽ കൗൺസിലർമാരായ സിസ്റ്റർ ജാൻസീന, സിസ്റ്റർ ആനി ഡേവിസ്, സിസ്റ്റർ സിജി തെരേസ്, പാലാ അസിസ്റ്റന്റ് പ്രൊവിൻഷ്യാൾ സിസ്റ്റർ റോജിത്, ചങ്ങനാശേരി അസിസ്റ്റന്റ് പ്രൊവിൻഷ്യാൾ ഡോ.സിസ്റ്റർ പ്രസന്ന, പ്രൊവിൻഷ്യൽ കൗൺസിലർമാരായ സിസ്റ്റർ പവിത്ര, സിസ്റ്റർ മിസ്റ്റിക്ക,സിസ്റ്റർ ക്രിസ്റ്റി എന്നിവരും ചങ്ങനാശേരി, തൃശൂർ, ഇരിഞ്ഞാലക്കുട, അങ്കമാലി, കോതമംഗലം, എറണാകുളം, പാലാ, ഭോപ്പാൽ, ഇടുക്കി, പാലക്കാട് തുടങ്ങിയ പ്രൊവിൻസുകളിലെ സിസ്റ്റേഴ്സും സംഘത്തിനൊപ്പമുണ്ടായിരുന്നു.



വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ തകഴിയിൽ സിഎംസി മൗണ്ട്കാർമൽ ജനറലേറ്റിന്റെ നേതൃത്വത്തിൽ ഡോക്ടർമാരായ സന്ന്യാസിനികൾ ക്യാമ്പിലെ അന്തേവാസികളെ പരിശോധിച്ച് മരുന്നു കുറിക്കുന്നു.

## 1500പേർക്ക് സൗജന്യമരുന്നു നൽകി

**ചങ്ങനാശേരി:** വെള്ളപ്പൊക്ക ദുരിതമേഖലകളായ തകഴി, കൈനകരി അറുനൂറ്റിൻപാടം, വേഴപ്ര പ്രദേശങ്ങളിൽ സിഎംസി ജനറലേറ്റിന്റെ നേതൃത്വത്തിൽ മൂന്ന് മെഡിക്കൽ ക്യാമ്പുകളിലായി പരിശോധനയും സൗജന്യ മരുന്നുവിതരണവും നടത്തി. ആയിരത്തി അഞ്ഞൂറോളം പേർക്ക് സൗജന്യമായി മരുന്നുകൾ നൽകി. വൈറൽപനി, ത്വക്ക് രോഗങ്ങൾ, കാലിലുണ്ടാകുന്ന വളംകടി തുടങ്ങിയ രോഗങ്ങൾക്കുള്ള പരിശോധനയും പ്രതിരോധമരുന്നു വിതരണവുമാണ് നടത്തിയത്.

ഡോ.സിസ്റ്റർ പ്രശാന്തി, ഡോ.സിസ്റ്റർ വിനീത, ഡോ.സിസ്റ്റർ ക്രിസ്റ്റിൻ, ഡോ.സിസ്റ്റർ സാലി, ഡോ. സിസ്റ്റർ ടെസ്മി, ഡോ.സിസ്റ്റർ റൂബി, കാതറൈൻ,ഡോ.സിസ്റ്റർ ഷീന, ഡോ.സിസ്റ്റർ ജൂഡിത്ത്, ഡോ.സിസ്റ്റർ ജോഫി, ഡോ.സിസ്റ്റർ ലിറ്റി, ഡോ.സിസ്റ്റർ ഗീത എന്നീ ഡോക്ടർമാരുടെ നേതൃത്വത്തിൽ 25 നഴ്സുമാർ, 10 ഫാർമസിസ്റ്റുമാർ, സോഷ്യൽവർക്കർമാർ എന്നിവർ മെഡിക്കൽ ടീമിലുണ്ടായിരുന്നു.

പനി പ്രതിരോധത്തിനായി ക്യാമ്പിൽ ഹോമിയോ മരുന്നുവിതരണവും നടത്തി. സന്യാസിനികൾ പാണ്ടിച്ചേരി ഭാഗത്തെ അഞ്ച് ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തു.